**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം രാജ്യാന്തര തുറമുഖം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കരമാർഗ്ഗമുള്ള കയറ്റുമതി - ഇറക്കുമതി (എക്സിം) ചരക്ക് നീക്കത്തിന് തുടക്കം കുറിച്ചതോടെ വിഴിഞ്ഞം രാജ്യാന്തര തുറമുഖം നിർണായ ഘട്ടത്തിലേക്ക് പ്രവേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് 18.08.2026 മുതൽ കരമാർഗ്ഗമുള്ള കയറ്റുമതി-ഇറക്കുമതി (EXIM) ചരക്ക് നീക്കത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതോടെ ട്രാൻസ്ഷിപ്പ്മെന്റ് ചരക്ക് കൈകാര്യം ചെയ്യുന്നതോടൊപ്പം രാജ്യത്തിന്റെ ആഭ്യന്തര കയറ്റുമതി-ഇറക്കുമതി ചരക്കുകൾ നേരിട്ട് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യവും വിഴിഞ്ഞം തുറമുഖത്തിന് ലഭ്യമായി. രാജ്യത്തിന്റെ അന്താരാഷ്ട്ര വ്യാപാരത്തിനും കേരളത്തിന്റെ ലോജിസ്റ്റിക്സ് മേഖലയ്ക്കും കൂടുതൽ കാര്യക്ഷമമായ ഒരു കവാടമായി വിഴിഞ്ഞം തുറമുഖത്തെ വികസിപ്പിക്കുന്നതിൽ ഇത് നിർണായകമായ ഘട്ടമാണ്.

**(ബി)** മറ്റൊരു തുറമുഖത്തിനും അവകാശപ്പെടാനാകാത്ത വേഗത്തിലാണോ വിഴിഞ്ഞം തുറമുഖം ആഗോള ഷിപ്പിംഗ് ശൃംഖലയിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വാണിജ്യ പ്രവർത്തനം ആരംഭിച്ചതിന് ശേഷം ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ വിഴിഞ്ഞം രാജ്യാന്തര തുറമുഖം ആഗോള ഷിപ്പിംഗ് ശൃംഖലയിൽ ശ്രദ്ധേയമായ സ്ഥാനം നേടിയിട്ടുണ്ട്. നിലവിൽ 6 ഭൂഖണ്ഡങ്ങളിലായി 105-ലധികം തുറമുഖങ്ങളുമായി വിഴിഞ്ഞം നേരിട്ടുള്ള ബന്ധം സ്ഥാപിച്ചിട്ടുണ്ട്.

വാണിജ്യ പ്രവർത്തനം ആരംഭിച്ചതിന് ശേഷം 60-ലധികം അൾട്രാ ലാർജ് കണ്ടെയ്നർ വെസലുകൾ (ULCVs) വിഴിഞ്ഞം തുറമുഖത്ത് കൈകാര്യം ചെയ്തിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ, ഏറ്റവും ആഴമേറിയ ഡ്രാഫ്റ്റുള്ള കണ്ടെയ്നർ കപ്പൽ എന്നിവ ഉൾപ്പെടെ വലിയ കപ്പലുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും വിഴിഞ്ഞത്തിന് സാധിച്ചിട്ടുണ്ട്. കൂടാതെ, ഒരു കപ്പലിൽ നിന്നുള്ള ഏറ്റവും കൂടുതൽ കണ്ടെയ്നർ മൂവുകൾ കൈകാര്യം ചെയ്തതടക്കമുള്ള വിവിധ പ്രവർത്തന മികവുകളും തുറമുഖം കൈവരിച്ചിട്ടുണ്ട്. ആഴമേറിയ സ്വാഭാവിക ഡ്രാഫ്റ്റ്, അന്താരാഷ്ട്ര കിഴക്ക്-പടിഞ്ഞാറൻ സമുദ്രഗതാഗത പാതയോടുള്ള സാമീപ്യം, വലിയ കണ്ടെയ്നർ കപ്പലുകൾ നേരിട്ട് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ,

വാണിജ്യ പ്രവർത്തനം ആരംഭിച്ച് വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ആഗോള ട്രാൻസ്ഷിപ്പ്മെന്റ് ശൃംഖലയിൽ വിഴിഞ്ഞം ശ്രദ്ധേയമായ സ്ഥാനം ഉറപ്പിച്ചിട്ടുണ്ട്.

**(സി)** വിദേശ തുറമുഖങ്ങളിലേക്ക് ഒരു ട്രാൻസ്ഷിപ്പ്മെൻറ് പോലുമില്ലാതെ അതിവേഗം ചരക്കുകൾ എത്തിക്കാൻ സാധിക്കുന്നത് വഴി യാത്രാസമയവും ലോജിസ്റ്റിക്സ് ചെലവും പകുതിയോളം കുറയ്ക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ഇന്ത്യയിൽ തന്നെ ഒരു അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ലഭ്യമാകുന്നതിലൂടെ, വിദേശ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖങ്ങളെ ആശ്രയിക്കുന്നതിനെ അപേക്ഷിച്ച് ഇന്ത്യൻ കയറ്റുമതിക്കാർക്കും ഇറക്കുമതിക്കാർക്കും ഒരു കണ്ടെയ്നറിന് ഏകദേശം 80–100 യു.എസ്. ഡോളർ വരെ ചെലവ് ലാഭിക്കാനാകുമെന്നാണ് പ്രാഥമികമായി കണക്കാക്കുന്നത്. കൂടാതെ, വിദേശ തുറമുഖങ്ങളിലെ അധിക ട്രാൻസ്ഷിപ്പ്മെന്റ് ഘട്ടങ്ങൾ ഒഴിവാക്കുന്നതിലൂടെ ചരക്ക് കൈമാറ്റത്തിനാവശ്യമായ സമയവും അനുബന്ധ ലോജിസ്റ്റിക്സ് ചെലവുകളും കുറയ്ക്കുന്നതിനും സാധിക്കും.

2025–26 സാമ്പത്തിക വർഷത്തിലെ ചരക്ക് ഘടന പരിശോധിക്കുമ്പോൾ, ഏകദേശം 40 ശതമാനം ഇന്ത്യൻ ചരക്കുകളും 60 ശതമാനം അന്താരാഷ്ട്ര ചരക്കുകളുമാണ് കൈകാര്യം ചെയ്തത്. ഇന്ത്യൻ ഉപഭൂഖണ്ഡം, മെഡിറ്ററേനിയൻ–യൂറോപ്പ്, കിഴക്കൻ–തെക്കുകിഴക്കൻ ഏഷ്യ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്-ഗൾഫ് എന്നീ വിവിധ മേഖലകളെ പരസ്പരം ബന്ധിപ്പിക്കുന്ന ബഹുമേഖലാ ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വിഴിഞ്ഞം ഇതിനകം തന്നെ വികസിച്ചുവരുന്നു. അതിനാൽ, വിഴിഞ്ഞം വഴി നേരിട്ടുള്ള അന്താരാഷ്ട്ര കണക്റ്റിവിറ്റി കൂടുതൽ വർദ്ധിക്കുന്നതോടെ, ഇന്ത്യയുടെ EXIM ചരക്കുകളുടെ യാത്രാസമയം, ട്രാൻസ്ഷിപ്പ്മെന്റ് ചെലവ്, അനുബന്ധ ലോജിസ്റ്റിക്സ് ചെലവ് എന്നിവയിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും രാജ്യത്തിന്റെ മൊത്തത്തിലുള്ള ലോജിസ്റ്റിക്സ് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**